വി.കെ അബ്ദു

# ഇന്റർനെറ്റിലൊരു ഖുർആൻ വിജ്ഞാനകോശം

## (http://mosshaf.com)

**ഇന്റർനെറ്റിൽ** വിശുദ്ധ ഖുർആനുമായി ബന്ധപ്പെട്ട വിജ്ഞാനങ്ങൾ കൈകാര്യം ചെയ്യുന്ന വെബ്സൈറ്റുകളുടെ എണ്ണം ആയിരക്കണക്കിനാണ്. ചൈനീസ് ഉൾപ്പെടെ മിക്ക ലോക ഭാഷകളിലും ഇത്തരം സൈറ്റുകൾ ഉണ്ട്. ഖുർആനിനെ പരിചയപ്പെടുത്തുന്നതിനുവേണ്ടി നിർമിച്ച വെബ്സൈറ്റുകളാണിവ. ഇക്കൂട്ടത്തിൽ മുൻനിരയിൽ നിലകൊള്ളുന്നതും ഏറെ ശ്രദ്ധേയവുമാണ് http://mosshaf.com. ഖുർആൻ വിദ്യാർഥികൾക്ക് മാത്രമല്ല പണ്ഡിതന്മാർക്കും അധ്യാപകർക്കും ഖത്വീബുമാർക്കുമൊക്കെ ഈ സൈറ്റ് അങ്ങേയറ്റം പ്രയോജനപ്പെടും.

ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളുടെ ഓൺലൈൻ എൻസൈക്ലോപീഡിയ എന്നും ഇതിനെ വിശേഷിപ്പിക്കാം. നിലവിൽ ഇന്റർനെറ്റ് സൗകര്യം പ്രയോജനപ്പെടുത്തി ലഭ്യമാക്കാവുന്ന ഖുർആന്റെ വലിയൊരു തഫ്സീർ ശേഖരം ഉൾക്കൊള്ളുന്നതിനു പുറമെ അവ ഉപയോക്താക്കളുടെ ആവശ്യാനുസരണം വളരെ പെട്ടെന്ന് റഫറൻസിന് ലഭ്യമാക്കാമെന്നതും സൈറ്റിന്റെ സവിശേഷതയാണ്. പൊതുവെ പുസ്തക വായനയിൽ വിമുഖരായ പുതിയ ഇന്റർനെറ്റ് സമൂഹത്തിന് തങ്ങളുടെ കമ്പ്യൂട്ടർ സ്ക്രീൻ മുഖേന ഖുർആൻ വിജ്ഞാനങ്ങളുടെ അഗാധതകളിലേക്കിറങ്ങിച്ചെല്ലാൻ ഇത് സഹായിക്കും. തെരഞ്ഞെടുക്കുന്ന സൂക്തങ്ങൾക്ക് സൈറ്റിൽ ലഭ്യമായ മുപ്പത്തൊന്ന് തഫ്സീർ ഗ്രന്ഥങ്ങളിൽ നൽകിയ വ്യാഖ്യാനങ്ങൾ ഒരൊറ്റ സ്ക്രീനിൽ പ്രത്യക്ഷമാക്കാൻ സാധിക്കുമെന്നതാണ് ഇതിന്റെ വലിയ ആകർഷകത്വം. സാധാരണ ഗതിയിൽ ഖുർആന്റെ ഏതെങ്കിലുമൊരു ഭാഗമെടുത്ത് ദശക്കണക്കിന് തഫ്സീർ ഗ്രന്ഥങ്ങളിൽ അതിന്റെ വ്യാഖ്യാനം പരതാൻ ചിലപ്പോൾ ദിവസങ്ങൾ തന്നെ വേണ്ടി വന്നേക്കാം.

സമ്പൂർണ മുസ്ഹഫ്, ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങൾ, പത്ത് ഇനം ഖിറാഅത്ത് ശൈലികൾ, ശൈഖ് ഹുസരി, അബ്ദുൽബാസിത്, മിൻശാവി തുടങ്ങിയ പ്രശസ്തരായ പതിനഞ്ച് ഖാരിഉകളുടെ പ്രൗഢമായ പാരായണം, ഖുർആൻ പദങ്ങളിലും വിഷയങ്ങളിലും സെർച്ച്, ഖുർആൻ വിജ്ഞാനങ്ങളുടെ ലൈബ്രറി, സമാന ആയത്തുകൾ കണ്ടെത്തൽ, സൂക്തങ്ങളുടെയും പദങ്ങളുടെയും ഇൻഡക്സ്, ലോക ഭാഷകളിലേക്കുള്ള മൊഴിമാറ്റം, ഖുർആൻ വ്യാകരണം, തജ്‌വീദ് പഠനം എന്നിങ്ങനെ സൈറ്റിലെ വിജ്ഞാനശേഖരത്തെ പതിമൂന്ന് വിഭാഗമായി വേർതിരിച്ചിരിക്കുന്നു. ആകർഷകമായ ഉസ്മാനി ലിപിയിലാണ് മുസ്ഹഫിന്റെ അറബിക് ടെക്സ്റ്റ് തയാറാക്കിയിരിക്കുന്നത്. ഇത് പ്രത്യക്ഷമാക്കാൻ നമ്മുടെ കമ്പ്യൂട്ടറിൽ പ്രത്യേകം അറബിക് ഫോണ്ട് ഇൻസ്റ്റാൾ ചെയ്യേണ്ടതില്ല.

ത്വബ്‌രി, ഖുർത്തുബി, ഇബ്നു കഥീർ, ഫീ ദിലാലിൽ ഖുർആൻ, ജലാലൈൻ, റാസി, കശ്ശാഫ്, നസഫി, ബയ്ദാവി, അലൂസി, ബഹ്റുൽ മുഹീത്, വാഹിദി, ശഅറാവി, ബഗവി, മാവർദി, ഇബ്നു അബീഹാതിം, മറാഹ് ലബീദ്, ഇബ്നു ഇഥൈമീൻ, വസീത്, ഇസ്സുബിൻ അബ്ദുസ്സലാം, ശൗക്കാനി, ശൻഖീതി, സഅദി, മുൻതഖിബ്, ജസാഇരി, മുയസ്സിർ, അത്തഹ്‌രീർ വത്തൻവീർ, ഖത്താൻ, സഫ്‌വതുത്തഫാസീർ തുടങ്ങിയവയാണ് നിലവിൽ ലഭ്യമായ തഫ്സീറുകൾ. വെബ് സൈറ്റിന്റെ അടുത്ത പതിപ്പിൽ പത്ത് തഫ്സീർ ഗ്രന്ഥങ്ങൾ കൂടി ഉൾപ്പെടുത്തുമെന്ന് ബന്ധപ്പെട്ടവർ അറിയി

ക്കുന്നു. സൂക്തങ്ങളുടെ വ്യാഖ്യാനത്തിനായി പ്രത്യേകം തഫ്സീർ ഗ്രന്ഥങ്ങളോ മുഴുവൻ തഫ്സീറുകളോ ആവശ്യാനുസരണം തെരഞ്ഞെടുക്കാൻ സൗകര്യമുണ്ട്. ഓരോ തഫ്സീറിനെസ്സംബന്ധിച്ച ലഘുവിവരണവും അവയുടെ സവിശേഷതകളും ഗ്രന്ഥകാരൻ അനുവർത്തിച്ച ഖുർആൻ വ്യാഖ്യാന രീതിയും സൈറ്റിലുൾപ്പെടുത്തിയിരിക്കുന്നു.

സൈറ്റിലെ 'മുതശാബിഹാത്' എന്ന വിഭാഗം ഖത്തീബുമാർക്കും പ്രസംഗകർക്കും പ്രബോധന പ്രവർത്തകർക്കും ഏറെ പ്രയോജനപ്പെടുത്താനാവും. തെരഞ്ഞെടുക്കുന്ന സൂക്തത്തിന് സമാനമായി ഖുർആനിൽ വന്ന എല്ലാ സൂക്തങ്ങളും ഇവിടെ ക്രോഡീകരിച്ചിരിക്കുന്നു. വിഷയാധിഷ്ഠിതമായി ഖുർആൻ സൂക്തങ്ങൾ കണ്ടെത്താൻ സാധിക്കുന്നുവെന്നതാണ് ഇതിന്റെ നേട്ടം. ഓരോ ആയത്തിന്റെയും വിശദീകരണങ്ങളും ഇവിടെ ലഭിക്കും. അറബി അക്ഷരമാല ക്രമത്തിൽ ലഭ്യമാക്കാവുന്ന ഖുർആൻ സൂക്തങ്ങളുടെ ഇൻഡക്സും സൈറ്റിന്റെ സവിശേഷതയാണ്. ആയത്തിന്റെ നമ്പർ, അധ്യായം, മദീന മുസ്ഹഫ് പ്രകാരം പേജ് നമ്പർ, അവതരണക്രമം എന്നിവയും ലഭിക്കുന്നു. ഈ രീതിയിൽ ഖുർആൻ പദങ്ങളുടെ സമ്പൂർണ ഇൻഡക്സും ലഭ്യമാക്കാവുന്നതാണ്.

അങ്ങേയറ്റം കാര്യക്ഷമതയുള്ള ഒരു സെർച്ച് സംവിധാനവും സൈറ്റിൽ പ്രവർത്തിക്കുന്നുണ്ട്. ഇതുപയോഗിച്ച് ഒറ്റ പദമോ ഒന്നിലേറെ പദങ്ങളോ അടിസ്ഥാനമാക്കി പ്രത്യേകം തെരഞ്ഞെടുത്ത സൂക്തങ്ങളോ ഖുർആൻ മുഴുവനുമായോ സെർച്ച് ചെയ്യാം. സൂറത്ത്, ജുസു, ആയത്ത് നമ്പർ, പേജ് നമ്പർ എന്നീ വിവരങ്ങളുൾക്കൊണ്ട് ക്രമപ്രകാരം നിമിഷങ്ങൾക്കകം സെർച്ച് റിസൾട്ട് പ്രത്യക്ഷപ്പെടുന്നു. ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമൻ, ഉറുദു, തമിഴ് തുടങ്ങിയ മുപ്പതോളം ഭാഷകളിലുള്ള ഖുർആൻ പരിഭാഷകളാണ് ഇതുവരെയായി സൈറ്റിലുൾപ്പെടുത്തിയിരിക്കുന്നത്. ഗ്രാമർ ഘടനയിൽ ഖുർആൻ പദങ്ങളുടെ സ്ഥാനവും ശരിയായ അർഥവും മനസ്സിലാക്കാൻ സഹായകമായ 'ഇഅ്റാബ്' വിവരിക്കുന്ന വിഭാഗത്തിൽ നുഹാസ്, മക്കി ബിൻ അബീ താലിബ്, അക്ബരി എന്നീ മൂന്ന് പ്രമുഖ 'ഇഅ്റാബ്' ഗ്രന്ഥങ്ങളാണ് അവലംബമാക്കിയിരിക്കുന്നത്. ■

vkabdu@gmail.com